പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 299 — 22.02.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ബി. അബ്ദുൾ റസാക്<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, കെ.എം.ഷാജി<br>,, സി.മോയിൻ കുട്ടി | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിൽ സംസ്ഥാനം നേരിടുന്ന പ്രതിസന്ധി എന്തെന്ന് വിശദമാക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം വകുപ്പ് 22 പ്രകാരം, സംസ്ഥാനം സമർപ്പിക്കുന്ന ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നടത്തിപ്പിന് മതിയായ ഫണ്ട് യഥാസമയം അനുവദിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാർ അംഗീകരിച്ച സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് പ്രകാരമുള്ള ഫണ്ട് യഥാസമയം ലഭിക്കാത്തതുമൂലം തൊഴിലാളികളുടെ കൂലി, സാധനഘടകത്തിന്റെ വില എന്നിവ കുടിശ്ശികയാവുകയും ഭരണചെലവുകൾ നിർവ്വഹിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുകയും ചെയ്യുന്നുണ്ട്. |
| (ബി) | വേതനമിനത്തിൽ തൊഴിലാളികൾക്കുള്ള കുടിശ്ശിക നൽകുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. 01.01.2016 മുതൽ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലി നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം മുഖേന കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ മസ്റ്റർ റോൾ പൂർത്തീകരിച്ച് 10 ദിവസ ത്തിനകം മെഷർമെന്റ്, ചെക്ക്മെഷർമെന്റ് എന്നിവ പൂർത്തീകരിച്ച് മസ്റ്റർ റോൾ എം.ഐ.എസ്. ൽ ഡാറ്റാ എൻട്രി ചെയ്യുന്നതിനും വേജ് ലിസ്റ്റ് തയ്യാറാക്കി ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ സമയബന്ധിതമായി ഇലക്ട്രോണിക്കായി അയയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് കൂലി വിതരണം ചെയ്യേണ്ടത് കേന്ദ്ര സർക്കാരിന്റെ നിയമപരമായ ബാധ്യതയാണ്. ഫണ്ടിന്റെ ആവശ്യകത സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് യഥാവിധി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ, സംസ്ഥാനം കേന്ദ്ര സർക്കാരുമായി നിരന്തരം സമ്പർക്കത്തിലാണ്. |

സെക്ഷൻ ഓഫീസർ